പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 24 — 05-03-2012 -ൽ മറുപടിക്ക്.

## എല്ലാവർക്കും വീട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. നാരായണൻ.<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ).<br>ശ്രീ. കെ. വി. വിജയദാസ്.<br>ശ്രീ. എസ്. രാജേന്ദ്രൻ. | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ എല്ലാവർക്കും വീട് എന്ന ലക്ഷ്യം കൈവരിക്കാനായിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) ഇപ്പോൾ ഇതിനായി നടപ്പിലാക്കി വരുന്ന ഭവനനിർമ്മാണ പദ്ധതികൾ ഏതൊക്കെയാണ്; | (ബി) ഭവനനിർമ്മാണ വകുപ്പിന്റെ കീഴിലുള്ള ഭവനനിർമ്മാണ ബോർഡ് 'സുരക്ഷ' ഭവനപദ്ധതി, 'സാഫല്യം' ഭവനപദ്ധതി, 'എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി', കോഴിക്കോട് ശാന്തിനഗർ കോളനി (ബാംഗ്ലാദേശ് കോളനി) പുനരധിവാസ പദ്ധതി 'പാരസ്പര്യം' പദ്ധതി, ഇന്നവേറ്റീവ് ഭവനപദ്ധതി, സർക്കാർ ജീവനക്കാർക്കായുള്ള ഭവന പദ്ധതി എന്നീ ഭവന പദ്ധതികളും വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതിയും ഇപ്പോൾ നടപ്പാക്കി വരുന്നു. ഇതിനുപുറമേ തദ്ദേശസ്വയം ഭരണ വകുപ്പിന്റെ കീഴിൽ ഇ.എം.എസ്. സമ്പൂർണ്ണ പാർപ്പിട പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതികളായ ഇന്ദിര ആവാസ് യോജന, രാജീവ് ആവാസ് യോജന എന്നീ ഭവനപദ്ധതികളും, ഫിഷറീസ് വകുപ്പിന്റെ കീഴിൽ ദേശീയ മത്സ്യത്തൊഴിലാളി ഭവനപദ്ധതിയും, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കായി ആസൂത്രണം ചെയ്തിട്ടുള്ള ഭവനപദ്ധതികളും, റവന്യൂ വകുപ്പിന്റെ കീഴിൽ സുനാമി ഭവനപദ്ധതിയും ഇപ്പോൾ നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (സി) | ഭവനനിർമ്മാണ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കി വരുന്ന ഭവനപദ്ധതികളുടെ പുരോഗതി ഓരോ മാസവും വിലയിരുത്താറുണ്ട്. ഇതരവകുപ്പുകൾ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പ്രവർത്തനം അതതു വകുപ്പുകളാണ് നടത്തി വരുന്നത്. |
| (ഡി) | ഈ പദ്ധതികളോരോന്നും പൂർത്തീകരിക്കുമ്പോൾ എത്രപേർക്ക് പുതുതായി വീടുകൾ ലഭിക്കും; | (ഡി) | ഭവനനിർമ്മാണ വകുപ്പിനു കീഴിൽ നടപ്പിലാക്കുന്ന സുരക്ഷാ ഭവനപദ്ധതി പ്രകാരം 5289 വീടുകളും, സാഫല്യം ഭവനപദ്ധതി പ്രകാരം 10,000 വീടുകളും, എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി പ്രകാരം 18,489 വീടുകളും, കോഴിക്കോട് ശാന്തി നഗർ കോളനി (ബാംഗ്ലാദേശ് കോളനി) പുനരധിവാസ ഭവനപദ്ധതിപ്രകാരം 333 പുതിയ വീടുകളും, പാരസ്പര്യം ഭവനപദ്ധതി പ്രകാരം 36 ഫ്ലാറ്റുകളും, ഇന്നവേറ്റീവ് ഭവനപദ്ധതി പ്രകാരം 48 ഫ്ലാറ്റുകളും സർക്കാർ ജീവനക്കാർക്കുള്ള ഭവനപദ്ധതി പ്രകാരം 24 ഫ്ലാറ്റുകളും പുതുതായി ലഭ്യമാക്കാൻ ലക്ഷ്യമിടുന്നു. |
| (ഇ) | സംസ്ഥാനത്ത് ഭൂമിയും വീടും ഇല്ലാത്ത കുടുംബങ്ങൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ? | (ഇ) | ഭവനനിർമ്മാണ വകുപ്പ് ഇക്കാര്യത്തിൽ പ്രത്യേകമായ സർവ്വെ നടത്തിയിട്ടില്ല. എന്നാൽ 12/3/2010 -ൽ പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും ലഭ്യമാക്കിയ വിവരമനുസരിച്ച് ഭവനരഹിത ഗുണഭോക്താക്കളുടെ എണ്ണം 3,63,361ഉം, ഭൂരഹിത-ഭവനരഹിത ഗുണഭോക്താക്കളുടെ എണ്ണം 1,28,025 ഉം ആയി കണക്കാക്കിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ.